II ഇ.ബി. XIകേരള നിയമസഭ/IV10

# പതിനൊന്നാം കേരള നിയമസഭ

നാലാം സമ്മേളനം

# ചോദ്യോത്തരങ്ങൾ - സംഗ്രഹം

2002 ജൂൺ 28, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

67 (*255) ജനാധിപത്യ അവബോധം നൽകുന്ന പരിപാടികൾ

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. നാലകത്തു സൂപ്പി) നൽകിയ മറുപടിയിൽ, വളർന്നു വരുന്ന തലമുറയ്ക്ക് പാർലമെന്ററി ക്രമത്തെക്കുറിച്ചും പാർലമെന്ററി സ്ഥാപനങ്ങളെക്കുറിച്ചും അവബോധം വളർത്തുന്നതിനുള്ള പാഠഭാഗങ്ങൾ നിലവിലുള്ള പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. വിദ്യാർത്ഥി യൂണിയന്റെ തെരഞ്ഞെടുപ്പ്,, സർവകലാശാലകളിൽ വിദ്യാർത്ഥി പ്രതിനിധികളുടെ പ്രാതിനിധ്യം മുതലായവ ഇതുമായി ബന്ധപ്പെട്ടവയാണ്. ജനാധിപത്യം, ഭരണഘടന, സംസ്ഥാന-കേന്ദ്ര ഗവൺമെന്റുകൾ, രാഷ്ട്രപതി, പ്രധാനമന്ത്രി, ഗവർണ്ണർ, മുഖ്യമന്ത്രി, ജനപ്രതിനിധികൾ, നിയമനിർമ്മാണം, നീതിന്യായം, ഭരണസംവിധാനത്തിന്റെ ഘടന, നിയമസഭ, ലോക്സഭ, രാജ്യസഭ, തെരഞ്ഞെടുപ്പ്,, മന്ത്രിസഭ, സിവിൽ സർവീസ്, കോടതികൾ, ഗ്രാമസഭ മുതൽ പാർലമെന്റ് വരെയുള്ള ഘടകങ്ങൾ, മറ്റ് രാജ്യങ്ങളിലെ തെരഞ്ഞെടുപ്പ് സംവിധാനങ്ങൾ, പൗരധർമ്മം എന്നിവ വിവിധ ക്ലാസുകളിൽ പഠിപ്പിക്കുന്നുണ്ട്. സ്കൂൾ തലത്തിൽ മോഡൽ പാർലമെന്റുകൾ കൃത്യമായി നടത്താനുള്ള നിർദ്ദേശം കൊടുക്കുന്നതാണ്. നിയമപരമായ കാര്യങ്ങൾ സ്കൂൾ തലത്തിൽത്തന്നെ പരിചയപ്പെടുത്താനും പൗരധർമ്മവും പൗരബോധവും ആരോഗ്യപരമായ കാര്യങ്ങളിലുള്ള അറിവും ഉണ്ടാകുന്നതിനുള്ള പാഠഭാഗങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യവും പരിശോധിക്കുന്നതാണ്. നമ്മുടെ സാംസ്കാരിക-ജനാധിപത്യ മൂല്യങ്ങളെക്കുറിച്ച് കുട്ടികളിൽ അവബോധം ഉണ്ടാക്കുന്നതിന് സ്കൂളുകളിൽ ഡിബേറ്റ് ക്ലബുകൾ സംഘടിപ്പിക്കുകയും ആ ക്ലബുകളുടെ ആഭിമുഖ്യത്തിൽ

രാജ്യത്ത് നടക്കുന്ന പ്രധാന സംഭവങ്ങളെക്കുറിച്ച് ചർച്ച ചെയ്യാനുള്ള അവസരമുണ്ടാക്കുകയും ചെയ്യുന്നതാണ്. പാർലമെന്ററികാര്യ വകുപ്പും വിദ്യാഭ്യാസ വകുപ്പും സംയുക്തമായി മോഡൽ അസംബ്ലിയും മോഡൽ പാർലമെന്റും നടത്തണമെന്നുള്ള നിർദ്ദേശം പരിഗണനയിലുണ്ട്. കേന്ദ്ര ഗവൺമെന്റിൽനിന്നും ധനസഹായം കിട്ടുന്ന മുറയ്ക്ക് ഈ സിസ്റ്റം കൊണ്ടുവരാൻ സാധിക്കും. ഹൈക്കോടതി വിധിയനുസരിച്ച് രാഷ്ട്രീയത്തിനതീതമായാണ് സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ് ഇപ്പോൾ നടക്കുന്നത്. കോളേജുകളിലും ഇത്തരത്തിലുള്ള തെരഞ്ഞെടുപ്പ് നടത്തുന്നതിന് ആരുമായും ഏതു തരത്തിലുള്ള ചർച്ചയും നടത്തുന്നതിന് ഗവൺമെന്റ് തയ്യാറാണ്. ഹെഡ്മാസ്റ്റർമാരും സ്കൂൾ അധികാരികളുമായി ആലോചിച്ച് സ്കൂൾ പാർലമെന്റ് കമ്മിറ്റികൾ കാര്യക്ഷമമായി നടത്താനുള്ള നിർദ്ദേശം കൊടുക്കുന്നതാണ്. സ്കൂളുകളിലും കോളേജുകളിലും സബ്ജില്ലാ സംസ്ഥാനതലങ്ങളിൽ സോഷ്യൽ സയൻസ് ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ ഓരോ വർഷവും തെരഞ്ഞെടുക്കുന്ന സാമൂഹ്യ ശാസ്ത്ര സംബന്ധിയായ വിഷയങ്ങളിൽ ക്വിസ് മത്സരം നടത്താറുണ്ട്. സ്കൂളുകളിലും കോളേജുകളിലും സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളിലും പാർലമെന്ററി ക്രമത്തോടും സ്ഥാപനങ്ങളോടും അവബോധം വളർത്തുന്ന വിധത്തിൽ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ക്വിസ് മത്സരം കൃത്യമായി നടത്താനുള്ള നിർദ്ദേശം കൊടുക്കാം. ജനാധിപത്യ ബോധവും ഭരണഘടനയെക്കുറിച്ചുള്ള സാമാന്യ ബോധവും കുട്ടികളിൽ വളർത്തിയെടുക്കുന്നതിനെ സംബന്ധിച്ച് പാർലമെന്ററികാര്യ വകുപ്പും വിദ്യാഭ്യാസ വകുപ്പും കൂടി ചർച്ച ചെയ്ത് തീരുമാനിക്കുന്നതാണ്. കുട്ടികളിൽ പൗരബോധവും സംസ്കാരവും വളർത്തിയെടുക്കുന്നതിന് പാഠ്യപദ്ധതിയിൽ സിവിക്സ് കൂടി ഉൾപ്പെടുത്തുന്ന കാര്യവും ചർച്ചചെയ്ത് തീരുമാനിക്കുന്നതാണ്. സി.ബി.എസ്.ഇ. സ്കൂളുകളിൽ പാർലമെന്റ് സംവിധാനം നടപ്പിലാക്കുന്ന കാര്യം സി.ബി.എസ്.ഇ. യുടെ സ്റ്റേറ്റ് ലെവൽ കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്. സ്കൂൾ യുവജനോൽസവങ്ങളിൽ മോക് പാർലമെന്റ് ഒരിനമായി അവതരിപ്പിക്കാനുള്ള നിർദ്ദേശം പരിശോധിക്കാവുന്നതാണ്. സി.ബി.എസ്ഇ., ഐ.സി.എസ്.ഇ. സിലബസ്സുള്ള സ്കൂളുകളിൽ ദേശീയദിനങ്ങളും ദേശീയാഘോഷങ്ങളും കൃത്യമായി ആചരിക്കുന്നതിനും ദേശീയഗാനം ആലപിക്കുന്നതിനും വേണ്ട നിർദ്ദേശം കൊടുക്കുന്നതാണെന്നു ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു..

68 (*256) <u>ഉന്നത വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന് സെമസ്റ്റർ സമ്പ്രദായം</u>

വിദ്യാഭ്യാസ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, കേരള സർകലാശാല 2003–04 അദ്ധ്യയന വർഷം മുതൽ ബിരുദതലത്തിലും സെമസ്റ്റർ സമ്പ്രദായം നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാ ശാലയിലും കാലടി സംസ്കൃത സർവകലാശാലയിലും ബിരുദതലത്തിൽ സെമസ്റ്റർ സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്. മഹാത്മാഗാന്ധി സർവകലാശാലയിലെ തൊഴിലധിഷ്ഠിത കോഴ്സുകളും സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ ആർക്കിട്ടെക്ച്ചർ ഒഴികെയുള്ള

എൻജിനീയറിംഗ് ബിരുദ കോഴ്സുകളും സെമസ്റ്റർ സമ്പ്രദായത്തിലാണ് നടത്തി വരുന്നത്. സെമസ്റ്റർ സമ്പ്രദായത്തിന്റെ ഫലമായി വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താനും പരീക്ഷകൾ സമയബന്ധിതമായി നടത്താനും റിസൾട്ട് കൃത്യമായി പബ്ലിഷ് ചെയ്യാനും സാധിച്ചിട്ടുണ്ട്. സെമസ്റ്റർ സിസ്റ്റം നടപ്പിലാക്കിയതിലെ പോരായ്മകൾ തിരുത്തുന്നതിന് വി.സി.മാർ നടപടിയെടുത്തിട്ടുണ്ട്. സെമസ്റ്റർ സമ്പ്രദായം നടപ്പിലാക്കുന്നതുകൊണ്ട് പരീക്ഷാ നടത്തിപ്പിൽ ബന്ധപ്പെട്ട ആളുകളുടെ ഭാഗത്തുനിന്നും ദോഷകരമായ നിലപാട് ഉണ്ടാകാതിരിക്കാൻ ഇന്റർ യൂണിവേഴ്സിറ്റി കൺസൾട്ടേറ്റീവ് കൗൺസിലിൽ ചർച്ച ചെയ്ത് വേണ്ട നിർദ്ദേശം കൊടുക്കുന്നതാണ്. കേരളത്തിലെ ഉന്നത വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനായി അക്കാഡമിക് തലത്തിലും ഭരണതലത്തിലും വേണ്ട ഉപദേശം നൽകുന്നതിനായി ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപീകരിക്കുക, മെച്ചപ്പെട്ട കോളേജുകൾക്ക് സ്വയംഭരണാധികാരം നൽകുക, നൂതനമായ കോഴ്സുകൾ ആരംഭിക്കുക, നിലവിലുള്ള കോഴ്സുകൾ പുനഃസംഘടിപ്പിക്കുക, സാങ്കേതിക വിദ്യാഭ്യാസം, വിവര സാങ്കേതിക വിദ്യാഭ്യാസം എന്നീ രംഗങ്ങളിൽ സമൂലമായ പരിഷ്കരണ പദ്ധതികൾ ആരംഭിക്കുക എന്നീ നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു. ഉന്നത വിദ്യാഭ്യാസ രംഗത്ത് മെച്ചപ്പെട്ട അക്കാഡമിക് സംവിധാനം ഉണ്ടാക്കാൻ വേണ്ടി ഒരു ഹയർ എഡ്യൂക്കേഷൻ കൗൺസിൽ രൂപീകരിക്കാനുള്ള ചർച്ചകൾ നടന്നുകൊണ്ടിരിക്കുന്നു. അൺ എയ്ഡഡ് മേഖലകളിൽ പ്രൊഫഷണൽ കോളേജുകളും സെൽഫ് ഫൈനാൻസിംഗ് കോളേജുകളും വരുന്നതോടുകൂടി സർക്കാർ മേഖലയിൽ പുതിയ കോഴ്സുകൾ കൊണ്ടു വരുന്നതിന് തടസ്സമില്ല. കോഴ്സുകൾ ആരംഭിക്കുന്നതിന് നിർദ്ദേശം കൊടുത്തുകഴിഞ്ഞു. സർവകലാശാലകളുടെ പ്രവർത്തനം സംബന്ധിച്ച് സമഗ്രമായി പഠിച്ച് സർക്കാരിന് സമർപ്പിക്കുന്ന റിപ്പോർട്ടുകൾ സഭയിൽ ചർച്ച ചെയ്യുന്നതിന് വിരോധമില്ല. അതിൽ പറയുന്ന കാര്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടാണ് പുതിയ നിയമം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്. ഏകീകൃത യൂണിവേഴ്സിറ്റി നിയമ (ഭേദഗതി) ബില്ലിന്റെ കരട് രൂപം തയ്യാറായിക്കഴിഞ്ഞു. അത് ഈ നിയമസഭയിൽത്തന്നെ അവതരിപ്പിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. പ്രീ ഡിഗ്രി ഡീലിങ്ക് ചെയ്ത കോളേജുകളിലെ അടിസ്ഥാനസൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്ന കാര്യം ആലോചിക്കുന്നതാണെന്ന് ഒരു ഉപചോദ്യത്തിനു മറുപടിയായി മന്ത്രി വ്യക്തമാക്കി.

69 (*257) <u>ക്വാളിറ്റി കൺട്രോൾ ഗ്രൂപ്പ് രൂപീകരിക്കാൻ നടപടി</u>

മരാമത്തു വകുപ്പുമന്ത്രി (ശ്രീ.എം.കെ.മുനീർ) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് റോഡുകളുടേയും പാലങ്ങളുടേയും നിർമ്മാണപ്രവർത്തനങ്ങളിലെ ഗുണനിലവാരം സംബന്ധിച്ച് പ്രത്യേക മേൽനോട്ടം വഹിക്കുന്നതിന് ചീഫ് എൻജിനിയറുടെ നിയന്ത്രണ ത്തിൽ ഒരു ക്വാളിറ്റി കൺട്രോൾ യൂണിറ്റ് സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ഫീൽഡിൽപോയി ക്വാളിറ്റി പരിശോധിക്കാനുള്ള പ്രത്യേക സംവിധാനം നിലവിലി ല്ലെന്നും പി.ഡബ്ലിയു.ഡി. കോഡ് അനുസരിച്ച് അത് എ.ഇ. മാരുടെ ചുമതലയാണെന്നും ഒരു ഉപചോദ്യത്തിനു മറുപടിയായി മന്ത്രി വ്യക്തമാക്കി.

# രേഖാമൂലം നൽകിയ ഉത്തരങ്ങൾ

70 (*260) ഇൻസ്റ്റിറ്റ്യൂഷണൽ സ്ട്രെങ്തെനിംഗ് ആക്ഷൻ പ്ലാൻ

മരാമത്തു വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, പൊതുമരാമത്തു വകുപ്പ് ആധുനികവൽക്കരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുംവേണ്ടി ഒരു ഇൻസ്റ്റിറ്റ്യൂഷണൽ സ്ട്രെങ്തെനിംഗ് ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടെന്നറിയിച്ചു. വകുപ്പിന്റെ ഘടനാമാറ്റം, പ്രോജക്ടുകൾ തയ്യാറാക്കുന്നതിനു പ്രത്യേകമായ സെൽ രൂപീകരണം, റോഡ് മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റം രൂപീകരിക്കൽ, പുതിയ ക്വാളിറ്റി കൺട്രോൾ സിസ്റ്റം നടപ്പാക്കൽ തുടങ്ങിയ പദ്ധതികൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

71 (*261) പാട്ടത്തിനു നൽകിയ റവന്യൂ ഭൂമി

റവന്യൂവും നിയമവും വകുപ്പു മന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്ത് 2633.3938 ഹെക്ടർ റവന്യൂ ഭൂമി പാട്ടത്തിന് നൽകിയിട്ടുണ്ടെന്ന് അറിയിച്ചു. അതിൽ 386.8415 ഹെക്ടർ പൊതുമേഖലാസ്ഥാപനങ്ങൾക്കും 50.8274 ഹെക്ടർ സ്വയംഭരണസ്ഥാപനങ്ങൾക്കും 1716.7096 ഹെക്ടർ സ്വകാര്യവ്യക്തികൾക്കും 479.0155 ഹെക്ടർ സ്വകാര്യസ്ഥാപനങ്ങൾക്കുമാണ് നൽകിയിട്ടുള്ളത്. പാട്ടവാടക കുടിശ്ശികയിനത്തിൽ 140,53,14,486 രൂപ സർക്കാരിന് ലഭിക്കാനുണ്ട്.

72 (*264) സൗജന്യ നിയമസഹായം

റവന്യൂവും നിയമവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, 25,000 രൂപവരെ വാർഷികവരുമാനമുള്ളവർക്ക് സംസ്ഥാന ലീഗൽ സർവീസസ് അതോറിറ്റിക്കുകീഴിൽ പ്രവർത്തിക്കുന്ന ഹൈക്കോർട്ട് ലീഗൽ സർവീസസ് കമ്മിറ്റി, ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി, താലൂക്ക് ലീഗൽ സർവീസസ് കമ്മിറ്റി എന്നിവ മുഖേന സൗജന്യ നിയമസഹായം നൽകിവരുന്നുണ്ടെന്നറിയിച്ചു.

73 (*267) യു.ജി.സി. പാക്കേജിന് അനുസൃതമായ അദ്ധ്യയനം

വിദ്യാഭ്യാസ വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, അദ്ധ്യാപനം, ഗവേഷണം തുടങ്ങിയ കാര്യങ്ങളിൽ യു.ജി.സി. പാക്കേജിലെ നിബന്ധനകൾക്കനുസൃതമായാണ് സംസ്ഥാനത്തും യു.ജി.സി. പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്നറിയിച്ചു.

## നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

103 (1413, 1414) <u>പുതുതായി നൽകിയ പട്ടയം</u>

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 9124 പട്ടയങ്ങൾ ( കേരള ഭൂമിപതിവ് ചട്ടങ്ങൾ പ്രകാരം – 2431, മലയോരകർഷകർക്ക് – 6693) നൽകിയിട്ടുണ്ട്. പട്ടയ വിതരണം സംബന്ധിച്ച് തീർപ്പാക്കാനുള്ള 34256 അപേക്ഷകളിൽ അർഹരായ 8517 പേർക്ക് ഇനി പട്ടയം നൽകാനുണ്ട്.

104 (1417) <u>റീസർവെ പ്രവർത്തനങ്ങൾ</u>

സംസ്ഥാനത്ത് ഇതുവരെ 14 താലൂക്കുകളിൽ റീസർവെ നടപടികൾ പൂർത്തിയായിട്ടുണ്ട്.

105 (1482) <u>ഉച്ചക്കഞ്ഞി വിതരണത്തിനുള്ള ചെലവ്</u>

ഉച്ചക്കഞ്ഞി വിതരണത്തിനായി 2001–2002–ൽ 35,05,00,000 രൂപയും ഈ വർഷം ഇതുവരെ 15,09,30,000 രൂപയും നൽകിയിട്ടുണ്ട്. ഈയിനത്തിൽ 118 കോടിയോളം രൂപ കുടിശ്ശികയുണ്ട്.

106 (1516) <u>സ്ക്കൂൾ കായികമേളയുടെ നടത്തിപ്പ്</u>

സംസ്ഥാന സ്ക്കൂൾ കായികമേളയുടെ നടത്തിപ്പിനായി 23 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പബ്ലിസിറ്റി വിഭാഗത്തിന് സ്പോൺസർ വഴി 12,500 രൂപയും ലഭിച്ചിട്ടുണ്ട്.

107 (1557) <u>പരസ്യങ്ങൾക്ക് നൽകിയ തുക</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പബ്ലിക് റിലേഷൻസ് വകുപ്പിൽനിന്ന് 27,56,228 രൂപയുടെ പരസ്യം നൽകിയിട്ടുണ്ട്.

108 (1564, 1567) <u>പ്രവാസി മലയാളികൾക്ക് ക്ഷേമപദ്ധതികൾ</u>

പ്രവാസി മലയാളികൾക്കുവേണ്ടി പ്രവാസി കേരളീയകാര്യ വകുപ്പും ന്യൂ ഇൻഡ്യ അഷ്വറൻസ് കമ്പനിയുമായി സഹകരിച്ച് പ്രവാസി സുരക്ഷാ സാമൂഹ്യക്ഷേമ പദ്ധതി, പ്രവാസി കുടുംബാരോഗ്യ പദ്ധതി, പ്രവാസി വനിത സുരക്ഷാ പദ്ധതി എന്നീ ക്ഷേമ പദ്ധതികൾ നടപ്പാക്കിവരുന്നു. പ്രവാസി മലയാളികൾക്കുള്ള ക്ഷേമപദ്ധതി നടപ്പാക്കുന്നതിനായി പ്രവർത്തിക്കുന്ന പ്രവാസി കേരളീയ ക്ഷേമ ഏജൻസിയെ കൂടുതൽ പ്രവർത്തന സ്വാതന്ത്ര്യമുള്ള ഒരു കമ്പനിയായി രജിസ്റ്റർ ചെയ്യുവാൻ നടപടി സ്വീകരിച്ചുവരുന്നു.

. . . . . . . . . .